പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3896

15-05-2017 ലെ
മറുപടി

## മങ്കട മണ്ഡലത്തിലെ ഹരിത കേരളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഹരിത കേരളം പദ്ധതിയിൽ മങ്കട നിയോജകമണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മങ്കട നിയോജകമണ്ഡലത്തിലെ 45 കുളങ്ങൾ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ജില്ലാ ഭരണകൂടത്തിന് നൽകിയ ഡി.പി.ആറിൽ ഈ മണ്ഡലത്തിലെ എത്ര കുളങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്; | (ബി) | ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി (ചെളിവാരി വൃത്തിയാക്കൽ) മങ്കട നിയോജക മണ്ഡലത്തിലെ 7 കുളങ്ങളുടെ പട്ടിക ജില്ലാ പ്ലാനിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br>1. കുട്ടിലങ്ങാടി പഞ്ചായത്തിലെ മേക്കുളം കുളം ചെളി വാരി വൃത്തിയാക്കൽ - 0.81 ലക്ഷം രൂപ<br>2. കുറുവ ഗ്രാമപഞ്ചായത്തിലെ വള്ളംകുളം വൃത്തിയാക്കൽ - 2.05 ലക്ഷം രൂപ<br>3. അങ്ങാടിപ്പുറം പഞ്ചായത്തിലെ ചോളക്കുളത്തിന്റെ പുനരുദ്ധാരണം - 1.72 ലക്ഷം രൂപ<br>4. മങ്കട പഞ്ചായത്തിലെ അയ്യപ്പൻചോല കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ - 1.45 ലക്ഷം രൂപ<br>5. മക്കരപറമ്പ് പഞ്ചായത്തിലെ തെക്കത്ത് കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി - 1.00 ലക്ഷം രൂപ<br>6. മൂർക്കനാട് പഞ്ചായത്തിലെ കാളയാർ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - 0.79 ലക്ഷം രൂപ<br>7. പുഴക്കാട്ടിരി പഞ്ചായത്തിലെ എളുർ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - 1.10 ലക്ഷം രൂപ |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കുഴൽ കിണർ-കൈപമ്പുകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കാമോ? | (സി) | മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് കുഴൽക്കിണർ കൈപമ്പുകൾ നവീകരിക്കുവാൻ അനുമതി നൽകിയിരുന്നു. ഇതിൽ നാലെണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ശേഷിച്ച ഒരു കുഴൽക്കിണറിൽ ജലനിരപ്പ് കുറവായതിനാൽ റിപ്പയർ ചെയ്യാൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**